**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4366** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കുമോ; | (എ) | കേരള ബാങ്ക് രൂപീകരണത്തിന് ശേഷം ആദ്യത്തെ പൂർണ്ണ സാമ്പത്തിക വർഷം (2020-21) അവസാനിച്ചപ്പോൾ നിക്ഷേപത്തിൽ 9.33 ശതമാനം വർദ്ധനവ് നേടി, 61,037.59 കോടി രൂപയിൽ നിന്നും 66,731.61 കോടി രൂപയായാണ് നിക്ഷേപം വർദ്ധിച്ചത്. 2021 മാർച്ച് 31-ന് 1,06,397 കോടി രൂപയുടെ ആകെ ബിസിനസ്സ് ആണുള്ളത്. ഈ വർഷത്തെ അറ്റദായം 61.99 കോടി രൂപയാണ്. ലയന സമയത്ത് 24.34 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 14.47 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞു. 5,738 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴുള്ള നിഷ്ക്രിയ ആസ്തി. 2019-20 സാമ്പത്തിക വർഷം 4315 കോടി രൂപയായിരുന്ന പുനർവായ്പ സഹായം 2020-21 സാമ്പത്തിക വർഷത്തിൽ 6058 കോടി രൂപയായി ഉയർന്നു. 40.39 ശതമാനത്തിന്റെ വർദ്ധനയാണ് ഈ ഇനത്തിൽ മാത്രമുണ്ടായത്. ലയന സമയത്ത് 1151 കോടി രൂപ സഞ്ചിത നഷ്ടമായിരുന്നു ഉണ്ടായിരുന്നത്. ഇത് 714 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. ബാങ്കിന്റെ സാമ്പത്തിക സുസ്ഥിരതയുടെ പ്രധാന സൂചകമായ മൂലധന സ്വയംപര്യാപ്തത ലയന സമയത്ത് 6.26 ശതമാനമായിരുന്നു. ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേരള ബാങ്ക് രൂപീകരണത്തിന് ശേഷം മുൻഗണനാ മേഖലകളായ കൃഷി, സർവ്വീസ്,കച്ചവടം, ഗ്രാമീണ മേഖലയിലെ ചെറുകിട സംരംഭങ്ങൾ, മൈക്രോ ഫിനാൻസ്, ഗ്രാമീണ ഭവന നിർമ്മാണം തുടങ്ങിയവയിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ മേഖലകളിലെ ചെറുകിട വായ്പകൾക്കാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ വഴിയും നേരിട്ടും ആകെ 18,200 കോടി |

| | | | |
|---|---|---|---|
| | | | രൂപയാണ് വായ്പയായി വിതരണം ചെയ്തത്. സൂക്ഷ്മ, ചെറുകിട,ഇടത്തരം സംരംഭ മേഖലയിലുള്ള മൈക്രോ സംരംഭങ്ങൾക്കായി MSME വായ്പകൾ വ്യക്തിഗതമായി വിതരണം ചെയ്തു വരുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കൂടി വിതരണം ചെയ്യുന്നതാണ്. സ്കൂൾ കുട്ടികൾക്കായി രക്ഷിതാക്കൾക്ക് കൂടി പ്രയോജനപ്രദമായ സേവിങ്ങ്സ് അക്കൗണ്ട് KB വിദ്യാനിധി എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ മേഖല കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടാതെ റിസർവ്വ് ബാങ്ക് അനുശാസിക്കുന്നതുപോലുള്ള ഒരു സ്ഥിര സംവിധാനമായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. ലയനത്തിന് വെല്ലുവിളിയായിരുന്ന ഐ.ടി ഇന്റർഗ്രേഷനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു. |
| (ബി) | സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വിഭിന്നമായി കേരള ബാങ്കിനുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019 -ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61037.59 കോടിയായിരുന്ന നിക്ഷേപം 2020-21-ൽ 66731.61 കോടിയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 13.51% CASA നിക്ഷേപമാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ. വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി വിവിധ തരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ ആകെ വായ്പാ ബാക്കിനിൽപ്പ് 39665.03 കോടി രൂപയാണ്. ഈ കോവിഡ് കാലത്ത് പ്രവാസികൾക്കും, കർഷകർക്കും, സാധാരണക്കാർക്കും ഒട്ടേറെ വായ്പാ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് സഹായ ഹസ്തമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ മുഖേന 1806.59 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിൽ SLF വായ്പയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ NABARD പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. സ്വയം സഹായ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്കും (SHG), കൂട്ടുബാദ്ധ്യത സംഘങ്ങൾക്കും (JLG) വേണ്ടി Micro Finance Scheme-ൽ മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിലൂടെ 121.10 കോടി രൂപ നൽകുകയുണ്ടായി. പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 4% പലിശ നിരക്കിൽ 11.70 കോടി രൂപ സ്വർണപണയ വായ്പയായി നൽകിയിട്ടുണ്ട്. കൂടാതെ പ്രവാസി കിരൺ പദ്ധതിയിൽ 2.07 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും, വിദഗ്ധ തൊഴിലാളികൾക്കും, ചെറുകിട വ്യാപാരികൾക്കും, കരാർ സേവനദാതാക്കൾക്കും, ടൂറിസം മേഖലയിലെ സംരംഭകർക്കും, ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾക്കും, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ഉടമകൾക്കും, ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ MSME വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു. നിലവിൽ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ RTGS/NEFT, Mobile Banking, IMPs, ATM, Micro ATM, NACH മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിൽ വരുത്തി കൂടുതൽ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഏകീകരിച്ചും Omni Channel പദ്ധതിയിലൂടെ ആധുനിക ഡിജിറ്റൽ സേവനങ്ങൾ 2022 ഏപ്രിൽ മുതൽ പൊതുജനങ്ങൾക്കും ഇടപാടുകാർക്കും നൽകാൻ കഴിയുന്നവിധം പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | കേരള ബാങ്കിൽ ലയിക്കാത്ത എത്ര ജില്ലാ സഹകരണ ബാങ്കുകൾ ഉണ്ട്; ഇവയുടെ ലയനം സാധ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | കേരള ബാങ്കിൽ ലയിക്കാത്തതായി മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഉണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനായി സഹകരണ നിയമത്തിൽ 2019-ൽ വരുത്തിയ ഭേദഗതിക്ക് എതിരെ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന പെറ്റീഷനുകൾ ബഹുമാനപ്പെട്ട കോടതി തള്ളുകയും ലയന നടപടികളുമായി മുന്നോട്ടു പോകുവാൻ സർക്കാരിന് അനുമതി നൽകുകയും ചെയ്തിരുന്നു. ആയതിനെതിരെ ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്യപ്പെട്ട റിട്ട് അപ്പീലുകളിൽ പരാതിക്കാരെ സംബന്ധിച്ച് status quo നിലനിർത്താനും കോടതി ഉത്തരവായിട്ടുണ്ട്. |
| (ഡി) | കേരള ബാങ്കിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | .. |
| | | | |

| | | | |
|---|---|---|---|
| (ഇ) | ഒഴിവുള്ള തസ്തികയിലെ നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) | കേരള ബാങ്കിന്റെ പുതിയ റിക്രൂട്ട്മെന്റ് റൂൾ നിലവിൽ വന്നത് 04-08-2021-ലാണ്. റിക്രൂട്ട്മെന്റ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉയർന്ന തസ്തികകളിൽ പ്രമോഷൻ നൽകി വരുന്ന മുറയ്ക്ക് മാത്രമേ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്താനാവുകയുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ബാങ്ക് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| Cadre Strength in KSCB | | | |
|---|---|---|---|
| **Sl. No** | **Category** | **Name of Category** | **Present Strength** |
| 1. | Category 1 | Managing Director/Chief Executive Officer | 1 |
| 2. | Category 2 | Executive Director | 0 |
| 3. | Category 3 | Chief General Manager | 1 |
| 4. | Category 4 | General Manager | 8 |
| 5. | Category 5 | Deputy General Manager | 22 |
| 6. | Category 6 | Assistant General Manager | 0 |
| 7. | Category 7 | Senior Manager (Sr. Manager-311, Agricultural Officer-8, Planning Devt. Officer) | 320 |
| 8. | Category 8 | Manager | 689 |
| 9. | Category 9 | Assistant Manager | 692 |
| 10. | Category 10 | Accountant | 716 |
| 11. | Category 11 | Clerk/Cashier(Clerk/ Cashier-1508, Typist/Steno-33, Data Entry Operator-35, Fair copy. Supt.-1) | 1572 |
| 12. | Category 12 | Receptionist/PBX Operator | 5 |
| 13. | Category 13 | Confidential Assistant | 0 |
| 14. | Category 14 | Office Facilitator/Clerical Attendant | 192 |
| 15. | Category 15 | Chief Security Officer | 0 |
| 16. | Category 16 | Driver cum attendant | 54 |
| 17. | Category 17 | Lift Operator | 2 |
| 18. | Category 18 | Office Attendant, Watchman(430+3) | 433 |
| 19. | Category 19 | Full Time Contingent Staff | 0 |
| 20. | Category 20 | Part Time Contingent Staff | 718 |
| 21. | Category 21 | Principal Public Relations Officer | 0 |
| 22. | Category 22 | Priority Sector Officers | 0 |
| 23. | Category 23 | IT Officer | 0 |

| | | | |
|---|---|---|---|
| 24. | Category 24 | Project Specialist/Credit Specialist | 1 |
| 25. | Category 25 | Public Relation Officer | 7 |
| 26. | Category 26 | Law Officer | 0 |
| 27. | Category 27 | Assistant Engineer(Electrical) | 0 |
| 28. | Category 28 | Assistant Engineer (Civil) | 0 |
| 29. | Category 29 | System Administrator | 0 |
| 30. | Category 30 | Civil Overseer | 1 |
| 31. | Category 31 | Electrician | 1 |
| 32. | Category 32 | Plumber | 1 |
| 33. | Category 33 | Electrical Supervisor | 1 |
| **TOTAL** | | | **5437** |